## I അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... റൂൾ 50 പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസ് സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ വെളിപ്പെടുത്തലിനെ സംബന്ധിച്ചാണ്. പ്രസ്തുത വിഷയം വിവിധ അന്വേഷണ ഏജൻസികളുടെയും ബന്ധപ്പെട്ട നിയമകോടതികളുടെയും പരിഗണനയിലിരിക്കുന്നതാണ്. മാത്രവുമല്ല, ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള അടിയന്തര സാഹചര്യമുള്ളതായും കാണുന്നില്ല. ആകയാൽ നോട്ടീസ് പരിഗണനയ്ക്കെടുക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുകയാണ്.

(....ബഹളം....)

(അടിയന്തര പ്രമേയ നോട്ടീസ് പരിഗണനയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനേതാവിന്റെ സീറ്റിനരികിൽ വന്നുനിന്ന് ബഹളമുണ്ടാക്കിയതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത നടപടിയിലേക്ക് കടന്നു.)